(സി&ഡി) ഇത്തരത്തിൽ രണ്ടു കേസ്സുകൾ ഉണ്ടായിട്ടുണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

പോലീസ് നിഷ്ക്രിയരായി നിന്നിട്ടുള്ള സംഭവങ്ങൾ

87 (88) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വസ്തുവകകൾ നശിപ്പിച്ചുകൊണ്ട് അക്രമികൾ മുന്നേറുമ്പോൾ അക്രമങ്ങൾ തടയാതെ എവിടെയെല്ലാം പോലീസ് നിഷ്ക്രിയരായി നിന്നിട്ടുണ്ട് ;

(ബി) 2000 ജൂലായ് മാസത്തിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് മുതൽ കിഴക്കേകോട്ട വരെയുള്ള ഭാഗത്ത് അക്രമികൾ അക്രമം അഴിച്ചു വിട്ടപ്പോൾ അതിനെ തടയുവാൻ പോലീസ് എന്തെല്ലാം നടപടി എടുത്തു ;

(സി) ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണം എന്താണ് ;

(ഡി) 2001 ജനുവരി 10-ാം തീയതി നാദാപുരത്ത് കൊല ചെയ്യപ്പെട്ട മൊയ്തു ഹാജിയുടെ മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയ്ക്കു നേരെ ബോംബെറിഞ്ഞതിനെ തുടർന്ന് കടകൾക്കും വീട്ടുകാർക്കും തീവയ്ക്കുകയും കടകളും വീടുകളും കൊള്ളയടിക്കുകയും ചെയ്തപ്പോൾ അത് തടയുവാൻ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

(ഇ) ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം അതിനുള്ള കാരണമെന്ത് ?

ഉത്തരം

(എ) അത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടില്ല.

(ബി) അക്രമം അഴിച്ചുവിട്ട ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകർക്കെതിരെ ശക്തമായ നിയമ നടപടി എടുക്കുകയുണ്ടായി. അക്രമികളെ പിരിച്ചുവിടുന്നതിനുവേണ്ടി പോലീസ് കണ്ണീർ വാതകം പ്രയോഗിക്കുകയും വിരട്ടി ഓടിക്കുകയും ചെയ്തു. അക്രമം നടത്തിയ ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകരുടെ പ്രധാന കേന്ദ്രങ്ങൾ പോലീസ് റെയ്ഡു ചെയ്യുകയും പ്രതികളെ പോലീസ് പിടികൂടുകയും ചെയ്തു. ഇതോടനുബന്ധിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ 3 കേസുകളും വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ 5 കേസുകളും ഫോർട്ട് സബ് ഡിവിഷനിൽ 11 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇരുവിഭാഗങ്ങൾ തമ്മിൽ കല്ലേറുണ്ടായതിനെത്തുടർന്ന് സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കുവാൻ ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. അക്രമികളെ പിരിച്ചുവിടുന്നതിനുവേണ്ടി സ്മോക്ക് ഗ്രനേഡ് ഉപയോഗിക്കുകയും റബ്ബർ ബുള്ളറ്റു ഉപയോഗിച്ച് വെടിവയ്ക്കുകയും ചെയ്തിട്ടുണ്ട്. പോലീസിന്റെ ശക്തമായ നടപടിയുടെ ഭാഗമായാണ് സ്ഥിതിഗതികൾ നിയന്ത്രണ വിധേയമായത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉദിക്കുന്നില്ല.

ഉപ്പളയിൽ പോലീസ് സ്റ്റേഷൻ

88 (89) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപ്പളയിൽ(കാസർഗോഡ്) പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഉണ്ടോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എന്ന് സ്ഥാപിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ 'ഉപ്പള' 44-ാമതായി ചേർത്തിട്ടുണ്ട്. പോലീസ് ഡയറക്ടർ ജനറലിൽ നിന്നും മുൻഗണനാ ക്രമത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

89 (90) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിൽപ്പെട്ട ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി&ഡി) പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly